പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

16.03.2015 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*140

## റബ്ബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. ബി.ഡി.ദേവസ്സി<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) റബ്ബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കാൻ ഇറക്കുമതി നിരോധിക്കുകയോ ലോകവ്യാപാര കരാറിലെ വ്യവസ്ഥകളനുസരിച്ച് അധികച്ചുങ്കം ഏർപ്പെടുത്തുകയോ ചെയ്യാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ ; | (എ) സ്വീകരിച്ചിട്ടുണ്ട്. |
| (ബി) 2015-16 വർഷത്തേക്കുള്ള കേന്ദ്ര ബജറ്റിൽ റബ്ബർ സംഭരണത്തിന് പ്രത്യേക പദ്ധതി വിഹിതമുണ്ടോ ; ഇതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു ; വിശദമാക്കാമോ ; | (ബി) 2015-16 വർഷത്തേക്കുള്ള കേന്ദ്ര ബജറ്റിൽ റബ്ബർ സംഭരണത്തിന് പ്രത്യേക പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളതായി വിവരം ലഭിച്ചിട്ടില്ല. |
| (സി) റബ്ബർ കർഷക രക്ഷക്കായി റബ്ബറൈസ്ഡ് ടാർ ഉപയോഗിച്ച് റോഡ് നിർമ്മിക്കും എന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള-തെന്ന് അറിയിക്കുമോ? | (സി) സ്വാഭാവിക റബ്ബറിന്റെ ഉപയോഗം റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് തദ്ദേശീയമായി വർദ്ധിപ്പിക്കുക എന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതനുസരിച്ച് കേന്ദ്ര വാണിജ്യ വകുപ്പ്, കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് വകുപ്പിനോട് പ്രസ്തുത നിർദ്ദേശം പരിഗണിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ